Keraleeyam
2011 November
Rs. 20/-
Registered KL/CR/TCR/353/2009-11
Posted at Thrissur RMS/2 on 20&21/11/2011




## 2011 ഡിസംബർ 15ന്

# പ്ലാച്ചിമടയിലെ കൊക്കക്കോളയുടെ ആസ്തികൾ ജനങ്ങൾ ഏറ്റെടുക്കുന്നു

**പ്ലാച്ചിമട ഐക്യദാർഢ്യ സമിതി**

**നിയമപരമായ** കൃത്യതയോടെ പറയേണ്ടി വരുന്ന സന്ദർഭമാണെങ്കിൽ ഹിന്ദുസ്ഥാൻ കൊക്കക്കോള ബിവറേജസ് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡിന്റെ പ്ലാച്ചിമടയിലെ ആസ്തികൾ ജനാധികാരതത്വപ്രകാരം "കണ്ടുകെട്ടും "എന്നു തന്നെ പറയേണ്ടിവരും.

ഒരു കോർപ്പറേറ്റ് കമ്പനി മനപ്പൂർവ്വമായി നടത്തിയ ചതിയും കുറ്റകൃത്യവുമാണ് പ്ലാച്ചിമടയിൽ അരങ്ങേറിയത്. ലോകമുതലാളിത്തത്തിന്റെ പുതുരൂപമായ ബഹുരാഷ്ട്ര കോർപ്പറേറ്റ് സംരംഭകത്വത്തിനും ഫിനാൻസ് മൂലധനത്തിനും കീഴ്പ്പെട്ട് പ്രവർത്തിക്കുന്ന ഭരണകൂടങ്ങൾക്കുകീഴിൽ ജനങ്ങൾക്ക് നീതി ലഭ്യമാകുന്നത് ശ്രമകരമായിരിക്കും എന്നതിന്റെ സാക്ഷ്യം കൂടിയാണത്. നീണ്ടു നിന്ന ഒരു പ്രക്ഷോഭത്തിന്റെ ഫലമായാണ് കേരള സർക്കാർ പ്ലാച്ചിമടയിലെ കോർപ്പറേറ്റ് അതിക്രമത്തെക്കുറിച്ച് ന്യായയുക്തമായ ഒരന്വേഷണത്തിന് തയ്യാറായിക്കൊണ്ട് ഒരു ഉന്നതാധികാര സമിതിയെ നിയോഗിച്ചത്. ബഹുജന പ്രക്ഷോഭങ്ങളെ ചാപിള്ളകളാക്കി മാറ്റുന്ന അഹിംസാ വ്രതങ്ങളുടെ വഴിയിൽനിന്ന് പ്രബുദ്ധമായ രാഷ്ട്രീയ ഇടപെടലിന്റെ അക്രമരഹിതമാർഗ്ഗമായി പ്ലാച്ചിമട സമരം വികസിച്ചതിന്റെ ഫലമായാണ് അത് സാധ്യമായത് . വിപുലമായ തെളിവെടുപ്പുകൾക്കുശേഷം സമിതി കണ്ടെത്തിയത് കൊക്കക്കോള കമ്പനി സൃഷ്ടിച്ച പരിസ്ഥിതി - ജലമലിനീകരണത്തിനും കുടിവെള്ള ശോഷണത്തിനും കൃഷിനാശത്തിനും തൊഴിൽ ആരോഗ്യ- നഷ്ടത്തിനും പരിഹാരമായി 216.26 കോടി രൂപ കമ്പനിയിൽ നിന്നും ഈടാക്കണമെന്നാണ്. നിയമവിധേയമായ മാർഗ്ഗങ്ങളിലൂടെയും കാലവിളംബമില്ലാതെയും ഇത് സാധ്യമാക്കുന്നതിനാണ് ഒരു പ്രത്യേക നിയമ വിചാരണാ ട്രിബ്യൂണൽ രൂപീകരിക്കുന്നതിന് സമിതി ശുപാർശ ചെയ്തത്. പ്ലാച്ചിമട ജനതയ്ക്ക് നീതി ലഭ്യമാകുന്നത് അനന്തമായി നീണ്ടുപോകരുതെന്ന സുവ്യക്തമായ നിലപാടാണ് സമിതി സ്വീകരിച്ചത്.

പ്ലാച്ചിമട സമരത്തെ സർവ്വാത്മനാ പിന്തുണച്ച കേരള ജനതയുടെ രാഷ്ട്രീയനിലപാടിന്റെ പ്രതിഫലനമെന്ന നിലയിലാണ് കേരള നിയമസഭ 2011 ഫെബ്രുവരി 24 ന് പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ പാസ്സാക്കിയത്. പ്രസ്തുത ബില്ലിന്റെ ആമുഖത്തിൽ തന്നെ അത്തരമൊരു നിയമനിർമ്മാണത്തിന്റെ അടിയന്തിരാവശ്യം വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ 2011 മാർച്ച് 30 ന് ഭാരത രാഷ്ട്രപതിയുടെ അംഗീകാരത്തിനായ് സമർപ്പിക്കപ്പെട്ട ബില്ലിന് നാളിതുവരെയും അംഗീകാരം ലഭിച്ചിട്ടില്ലെന്നത് സൂചിപ്പിക്കുന്നത് കൊക്കക്കോളയുടെ നിഗൂഢമായ രാഷ്ട്രീയ സമ്മർദ്ദ ശേഷി ഇപ്പോഴും ഇന്ത്യൻ ഭരണസംവിധാനത്തിനുമേൽ പ്രബലമായി തുടരുന്നുവെന്നു തന്നെയാണ്. കോർപ്പറേറ്റ് / ഭരണകൂട / രാഷ്ട്രീയ നേതൃത്വങ്ങളുടെ സേവകരെന്നനിലയിൽ പ്രശസ്തരും പ്രഗത്ഭരുമായ രണ്ട് അഭിഭാഷകരെ വളഞ്ഞവഴിയിൽ ഇടപെടുവിച്ചുകൊണ്ട് നിയമനിർമ്മാണപ്രക്രിയയെ അട്ടിമറിക്കുന്നതിനാണ് കൊക്കക്കോള ശ്രമിച്ചത്. കേന്ദ്ര ആഭ്യന്തരമന്ത്രാലയം മുഖേന സംസ്ഥാനം നിയമവകുപ്പിന് മുൻപിലെത്തിച്ച നിയമവ്യാഖ്യാനങ്ങൾ പക്ഷേ, തികച്ചും ദുർബലവും നീതി - നിയമ വാഴ്ച സംബന്ധിച്ച ഭരണഘടനയുടെ അന്ത:സത്തയെ നിരാകരിക്കുന്നതുമാണ്. സംസ്ഥാന നിയമസഭയുടെ അധികാരത്തെ തന്നെ ചോദ്യം ചെയ്യുന്ന കോർപ്പറേറ്റ് അഹന്തക്ക് തീഷ്ണമായ സമരങ്ങളിലൂടെ മറുപടി നല്കിക്കൊണ്ട് മാത്രമേ പ്ലാച്ചിമടയുടെയും കേരള ജനതയുടെയും അന്തസ്സുയർത്തിപ്പിടിക്കാനാകൂ.

ഇത്തരമൊരു സന്ദർഭത്തിൽ പ്രാതിനിധ്യ ജനാധിപത്യത്തിന്റെ പരിമിതികൾ മറികടക്കുവാൻ പ്രത്യക്ഷജനാധിപത്യത്തിന്റെയും ജനാധികാരത്തിന്റെയും തത്വങ്ങളെ അവലംബിക്കുകയല്ലാതെ മറ്റൊരു പോംവഴിയുമില്ലെന്നുവരികയാണ്. ലോകജനതയുടെ തന്നെ അംഗീകാരം ലഭിച്ച പ്ലാച്ചിമടസമരത്തെ വഴിയിലുപേക്ഷിച്ച് കൊക്കക്കോളയും പെപ്സിയുമടക്കമുള്ള ബഹുരാഷ്ട്ര കോർപ്പറേറ്റ് കമ്പനികളുടെ പകൽക്കൊള്ളകൾ നിർബാധം തുടരാൻ അനുവദിക്കുന്നത് കേരളത്തിന്റെ പ്രഖ്യാപിതമായ രാഷ്ട്രീയ പ്രബുദ്ധതക്ക് ചേരുന്നതാവില്ല.

ഡിസംബർ 15 ന് പ്ലാച്ചിമടയിൽ നടക്കുന്ന ആസ്തികൾ പിടിച്ചെടുക്കൽ സമരത്തിൽ സമരത്തെ നാളിതുവരെ പിന്തുണച്ച മുഴുവൻ മനുഷ്യരുടെയും പ്രസ്ഥാനങ്ങളുടെയും പങ്കാളിത്തം ഉണ്ടാകണമെന്നാണ് പ്ലാച്ചിമട സമരസമിതിയും ഐക്യദാർഢ്യസമിതിയും ആഗ്രഹിക്കുന്നത്. പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ രാഷ്ട്രപതി ഒപ്പുവയ്ക്കാൻ കൂട്ടാക്കുന്നില്ലെങ്കിൽ ജനങ്ങൾ സ്വമേധയാ നീതിനടപ്പാക്കും. കോർപ്പറേറ്റ് ആഗോളവൽക്കരണത്തിനെതിരെയുള്ള പോരാട്ടത്തിൽ ഒരു പുതിയ ചരിത്രം രചിക്കുന്ന നിമിഷമായിരിക്കുമത്. ഭാവിയുടെ രാഷ്ട്രീയം രൂപപ്പെടുത്തിയതിൽ പ്ലാച്ചിമടയുടെ സംഭാവനയായി അത് വിലയിരുത്തപ്പെടും.

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21. Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 9446576943, E-mail : keraleeyamtcr@rediffmail.com